# മലയാളം ഐച്ഛികമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ ഗവേഷണാത്മക പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1 മലയാള സാഹിത്യം, മലയാള ഭാഷ, കേരള സംസ്കാരം എന്നീ മേഖലകളിൽ നിന്നെല്ലാം താൽപര്യമനുസരിച്ച് വിഷയങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്. വിഷയം തെരഞ്ഞെടുക്കുമ്പോൾ വിദ്യാർത്ഥിക്ക് താൽപര്യമുള്ളത് തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.

2 സാഹിത്യത്തിൽ നിന്ന് വിഷയം തെരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും എഴുത്തുകാരന്റെ/ എഴുത്തുകാരിയുടെ രചനാശൈലി, ദർശനം, സ്വാധീനങ്ങൾ എന്നിവയെല്ലാം അന്വേഷിക്കാം. വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ പ്രാദേശിക, സാമുദായിക പ്രതിഭകളെ പുനരവതരിപ്പിക്കുകയും അവർ എന്തുകൊണ്ട് ശ്രദ്ധേയരാവുന്നു എന്ന് കണ്ടെത്തുകയും ചെയ്യുന്നത് അഭികാമ്യമാണ്.

3. ഏതെങ്കിലും പ്രത്യേക രചനയെ മുൻനിർത്തിയുള്ള വിശദമായ പഠനവും ഗവേഷണാത്മക പ്രൊജക്റ്റിന്റെ പരിധിയിൽ വരും.

4. സാഹിത്യത്തിലെ ആധുനികത, കാൽപനികത, യഥാതഥവാദം, ഉത്തരാധുനികത, ദേശീയത, നവോത്ഥാനം തുടങ്ങിയ പ്രസ്ഥാനങ്ങളെക്കുറിച്ചും പഠിക്കാം.

5. മലയാള സാഹിത്യത്തെ ഇതരഭാഷാസാഹിത്യ പാഠങ്ങളുമായി താരതമ്യം ചെയ്യുന്ന പഠനങ്ങളാവാം.

6 നോവൽ, ചെറുകഥ, മിനിക്കഥ, കവിത, നിരൂപണം എന്നീ ജനുസ്സുകളെക്കുറിച്ചുള്ള പഠനവും ഗവേഷണാത്മക പ്രൊജക്റ്റിന്റെ ഭാഗമായി നടത്താവുന്നതാണ്. ഏതെങ്കിലും പ്രത്യേക കാലഘട്ടത്തിൽ ഈ ജനുസ്സുകൾ സൃഷ്ടിച്ച ഭാവുകത്വമെന്തായിരുന്നുവെന്ന് പരിശോധിക്കാം. പ്രസ്തുത ജനുസ്സുകൾക്ക് കാലാന്തരത്തിൽ വരുന്ന പരിണാമത്തെ സാമാന്യമായി വിലയിരുത്താം.

7. തർജ്ജമ പഠനവും ഗവേഷണാത്മക പ്രൊജക്റ്റിന് തെരഞ്ഞെടുക്കാം. വിദ്യാർത്ഥികൾക്ക് അറിയാവുന്ന ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് തർജ്ജമ ചെയ്യാവുന്ന ഏതാനും പാഠങ്ങൾ കണ്ടെത്തി അവയുടെ വിവർത്തനം നിർവ്വഹിക്കുക വിവർത്തനം ചെയ്ത പാഠവും മൂലപാഠവും അനുബന്ധത്തിൽ നൽകുക. വിവർത്തനം എന്ന പ്രക്രിയയെ വിശദമാക്കുന്ന ഒന്നാം അധ്യായം, വിവർത്തനത്തിന് തെരഞ്ഞെടുത്ത പാഠങ്ങൾ എഴുത്തുകാർ എന്നിവരെ പരിചയപ്പെടുത്തുന്ന രണ്ടാം അധ്യായം, വിവർത്തനത്തിൽ നേരിട്ട പ്രതിസന്ധികളും അവയെ പരിഹരിക്കാൻ നിങ്ങൾ അവലംബിച്ച മാർഗ്ഗങ്ങളും വിശദീകരിക്കുന്ന മൂന്നാം അധ്യായം ഇവയെല്ലാം ചേർന്നതായിരിക്കണം പ്രബന്ധം.

8. അനുകൽപനമാണ് ഇപ്പോൾ ശ്രദ്ധേയമായി വരുന്ന മറ്റൊരുമേഖല. കഥ, നോവൽ, കവിത എന്നിവയെല്ലാം സിനിമയും നാടകമായും ചിത്രമായും രൂപാന്തരപ്പെടുന്ന പ്രക്രിയയാണ് അനുകൽപനം. ഈ അനുകൽപനത്തെ വിശകലനം ചെയ്യുന്ന പഠനങ്ങൾ നിർവഹിക്കാന്നതാണ്.

9. ഭാഷാപരമായ പഠനത്തിൽ മാതൃഭാഷാ വ്യവഹാരങ്ങളെ വിശകലനം ചെയ്യാം. ബോധന മാധ്യമം ഭരണഭാഷ, കോടതിഭാഷ എന്നിവയിൽ മാതൃഭാഷ എത്രത്തോളം ശക്തമാണ് എന്ന് പരിശോധിക്കാം. ഭാഷയിലെ വ്യാകരണപരമായ പ്രശ്നങ്ങൾ കണ്ടെത്തി വിശദീകരിക്കാം. മലയാളത്തിലെ ഏതെങ്കിലും ചില വ്യാകരണ കൃതികളെ നിരൂപണം ചെയ്യാം. മലയാളഭാഷയുടെ വികാസപരിണാമങ്ങളിൽ ഏതെങ്കിലും ചില ഘട്ടങ്ങൾ തെരഞ്ഞെടുത്ത് അപഗ്രഥിക്കാം താരതമ്യാത്മക ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മലയാളത്തെ ഇതരഭാഷകളുമായി താരതമ്യം ചെയ്യാം.

കേരളത്തിലെ പ്രാദേശിക ഭാഷകൾ, ഗോത്രഭാഷകൾ എന്നിവ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യാം. യന്ത്രഭാഷ, ഭാഷാ കമ്പ്യൂട്ടിങ്, ന്യൂറോ ലിംഗ്വിസ്റ്റിക്സ്, എന്നിങ്ങനെയുള്ള പുതിയ മേഖലകളിൽ നിന്നും വിഷയം കണ്ടെത്താം. അറബി-മലയാളം, കർസോനി തുടങ്ങിയ സവിശേഷ ഭാഷകളെ കുറിച്ച് പഠിക്കാം.

10. കേരള സംസ്കാരവുമായി ബന്ധപ്പെട്ട വിഷയങ്ങളും തെരഞ്ഞെടുക്കാം. കേരളത്തിന്റെ നാടൻ കലകൾ, വിമൊഴി പാരമ്പര്യം, വൈദ്യ പാരമ്പര്യം തൊഴിൽ പാരമ്പര്യം, ചിത്രകലാ പാരമ്പര്യം, ശിൽപ പാരമ്പര്യം, സംഗീതപാരമ്പര്യം, വാസ്തുവിദ്യാപാരമ്പര്യം എന്നിവയെല്ലാം ഗവേഷണത്തിനായി തെരഞ്ഞെടുക്കാവുന്ന മേഖലകളാണ് പ്രാദേശിക സംസ്കൃതികൾ, നവോത്ഥാന യത്നങ്ങൾ, ജനപ്രിയസംസ്കാരം, വികസനം, വിദ്യാഭ്യാസം, ലിംഗനീതി, കീഴാള മുന്നേറ്റങ്ങൾ എന്നിവയെല്ലാം ഗവേഷണ പ്രശ്നം കണ്ടെത്താൻ കഴിയുന്ന മേഖലകളാണ്.

11. ഗവേഷണ മേഖലകൾ മാത്രമേ ഇവിടെ സൂചിപ്പിച്ചിട്ടുള്ളൂ. അവയിൽ നിന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ തീർക്കാവുന്ന മട്ടിലുള്ള ലഘു പ്രശ്നങ്ങൾ മാത്രമേ തെരഞ്ഞെടുക്കാവൂ. പ്രശ്ന